LIBRARY ARCHIVES Kerala Legislative Assembly

ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

175 (864) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്, വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 വർഷങ്ങളിൽ മൈനർ/മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

2014-15 കാലയളവിലെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ

ചാലിയാർ പഞ്ചായത്തിലെ മൈലാടി കോളനിക്കുളം അഭിവൃദ്ധിപ്പെടുത്തൽ	സ്ഥലം ലഭ്യമാകാത്തതിനാൽ തടസ്സപ്പെട്ടു കിടക്കുകയാണ്	20.00 ലക്ഷം
കാവനൂർ പഞ്ചായത്തിലെ ആശാരി തോടിൽ ആശാരി തോട് ചെക്ക് ഡാം	പ്രവൃത്തി പൂർത്തിയായി	19.68 ലക്ഷം
ഊർങ്ങാട്ടിരിപഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ കനിയംമുമ്പി ചെക്ക്ഡാം നിർമ്മാണം	പ്രവൃത്തി പൂർത്തിയായി	46.16 ലക്ഷം
ഊർങ്ങാട്ടിരി പഞ്ചായത്തിൽ തേനരുവി തോടിൽ തേനരുവി വി.സി.ബി. നിർമ്മാണം	പ്രവൃത്തി പൂർത്തിയായി	43.34 ലക്ഷം

മേജർ ഇറിഗേഷൻ

ഊർങ്ങാട്ടിരി പഞ്ചായത്തിൽ ഷൗക്ക ക്കടവിൽ ചെറുപുഴക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം	പ്രവൃത്തി പൂർത്തിയായി	45.00 ലക്ഷം

2015-16 വർഷത്തിലെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ

എടവണ്ണ പഞ്ചായത്തിൽ പാലപ്പറ്റ വലിയകുളം അഭിവൃദ്ധിപ്പെടുത്തൽ	പ്രവൃത്തി പൂർത്തിയായി	4.86 ലക്ഷം
കിഴുപറമ്പ് പഞ്ചായത്തിലെ കണ്ണമ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാൽ അറ്റകുറ്റ പണികൾ.	പ്രവൃത്തി പൂർത്തിയായി	14.79 ലക്ഷം
ചാലിയാർ പഞ്ചായത്തിലെ കാഞ്ഞിര പുഴയ്ക്ക് കുറുകെ വൈലശ്ശേരി ചെക്ക്ഡാം നിർമ്മാണം	പ്രവൃത്തി ആരംഭിച്ചിട്ടില്ല	78.45 ലക്ഷം
ഊർങ്ങാട്ടിരി പഞ്ചായത്തിലെ കുഴനക്കിപ്പാറ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം	ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥലതർക്കംമൂലം ജനങ്ങൾ തടസ്സം നിന്നതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല	412 ലക്ഷം

മേജർ ഇറിഗേഷൻ

2015-16 വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ മേജർ വിഭാഗം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

കേരള ജല അതോറിറ്റി

ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly